# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2871 07.12.2018 -ലെ മറുപടി

## നദീ സംരക്ഷണ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റോജി എം.ജോൺ** | | **കെ.കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നദീ സംരക്ഷണത്തിനായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഓരോ പദ്ധതികൾക്കുംവേണ്ടി ഏതൊക്കെ നദികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ; | (എ) യും (ബി) യും | കേരളത്തിലെ നദികളുടെ സംരക്ഷണത്തിനായി പ്രധാനമായും വെള്ളപ്പൊക്കക്കെടുതി, വെള്ളപ്പൊക്ക നിയന്ത്രണം, റിവർ മാനേജ് മെൻറ് ഫണ്ട് എന്നീ പദ്ധതികളാണ് നിലവിലുള്ളത്. വെള്ളപ്പൊക്കക്കെടുതിയ്ക്ക് 11 കോടിയും വെള്ളപ്പൊക്ക നിയന്ത്രണത്തിന് 11 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വരട്ടാർ നദി വീണ്ടും ഒഴുകുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിനായി ചപ്പാത്തുകൾ പൊളിച്ച് പാലങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ടി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി രൂപരേഖയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പള്ളിക്കലാർ, കോലറയാർ, മീനച്ചിലാർ-മീന്തറയാർ-കോടൂരാർ, കാനാമ്പുഴയാർ, മതിലകം വലിയതോട്, കുട്ടംപേരൂരാർ തുടങ്ങിയ ആറുകളുടെ പുനരുദ്ധാരണത്തിനായി 20 കോടി രൂപയും നിള പുനരുജ്ജീവന പ്രവർത്തന പദ്ധതി പരിശോധിച്ച് അനുമതി നൽകുന്നതിലേക്കായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

കാനാമ്പുഴയുടെ പുനരുദ്ധാരണത്തിനായി 440 ലക്ഷം രൂപയുടെയും മീനച്ചിൽ - മീനന്തറ — കോട്ടൂർ നദികൾ ബന്ധിപ്പിക്കുന്ന പദ്ധതിക്കായി 500 ലക്ഷം രൂപയുടെയും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഇതിൽ കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാകുന്ന എത്ര പദ്ധതികളുണ്ട്; ഓരോ പദ്ധതിയുടെയും കേന്ദ്ര വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഐക്യരാഷ്ട്ര സംഘടനയുടെ കൂടി നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗ്രീൻ ക്ലൈമറ്റ് ഫണ്ടിൽപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനായി ഭാരതപ്പുഴയുടെ പാരിസ്ഥിതിക പുനസ്ഥാപനത്തിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുകയും **(24/10/2018)** ചെയ്തു. വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമുള്ള പദ്ധതിയാകയാൽ കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പമ്പ ആക്ഷൻ പ്ലാൻ കേന്ദ്ര സഹായത്തോടെയാണ് നടപ്പാക്കുന്നത്. ഇതിനായി **7.75** കോടി രൂപ കേന്ദ്രസഹായം ഇതുവരെ ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**